മാറാട് കൂട്ടക്കൊലയെ തുടർന്ന് നടന്ന കൊള്ള

34 [808] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് കൂട്ടക്കൊലയെ തുടർന്ന് വ്യാപകമായി നടന്ന കൊള്ളയുടെ ഭാഗമായി പോലീസന്വേഷണത്തിൽ തൊണ്ടി സാധനങ്ങൾ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) കൊള്ളയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;

(സി) കൊള്ള സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ഡി) കൊള്ള മുതൽ കണ്ടെത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കണ്ടെത്തിയിട്ടില്ല.

(ബി) വീട്ടുപകരണങ്ങളും, ആഭരണങ്ങളും മറ്റും നഷ്ടപ്പെട്ടത് സംബന്ധിച്ച് 208 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) 208 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) 2003-ലെ മാറാട് കലാപത്തെ തുടർന്ന് 289 കുടുംബങ്ങൾ (284 മുസ്ലീം കുടുംബങ്ങൾ) മാറാട് നിന്നും ഒഴിഞ്ഞുപോയിട്ടുള്ളതാണ്. അപ്രകാരം ഒഴിഞ്ഞുപോയ പലരുടെയും വീടുകളിൽ നിന്നും ഗൃഹോപകരണങ്ങളും ആഭരണങ്ങളും കൊള്ള ചെയ്യപ്പെടുകയും വീടുകൾ തർക്കപ്പെടുകയും ചെയ്തിട്ടുള്ളതായാണ് റിപ്പോർട്ട്.

മേൽസംഭവങ്ങളിൽ ബേപ്പൂർ പോലീസ് സ്റ്റേഷനിൽ 164 കേസുകളും മാറാട് പോലീസ് സ്റ്റേഷൻ നിലവിൽ വന്നശേഷം മാറാട് പോലീസ് സ്റ്റേഷനിൽ 44 കേസുകളും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്. മേൽ കേസുകളിൽ 44 കേസുകൾ ഇപ്പോൾ അന്വേഷണാവസ്ഥയിലാണുള്ളത്. അന്വേഷണം നടത്തിയ 137 കേസുകൾ അൺഡിക്ടറ്റഡ് ആയും, 25 കേസുകൾ ഫാൾസ് ആയും, 2 കേസുകളിൽ തുടർന്നുള്ള നടപടികൾ നിറുത്തിവച്ചും ബഹുമാനപ്പെട്ട കോടതിക്ക് അന്തിമ തീരുമാന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. കണ്ടുപിടിക്കാൻ സാധിക്കാത്ത കേസുകളിൽ പ്രതി മുതലുകളെപ്പറ്റി പോലീസിനോ കേസിലെ പരാതിക്കാർക്കോ യാതൊരു വിവരവും ലഭിച്ചിട്ടില്ലാത്തതുമാണ്. പ്രതി മുതലുകളെപ്പറ്റി വല്ല വിവരവും കിട്ടിയാൽ കേസ് റീഓപ്പൺ ചെയ്ത് തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly